**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** **15-03-2022 - ൽ മറുപടിയ്ക്ക്**

**റെയിൽവേ വികസനത്തിലെ വിവേചനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സംസ്ഥാനങ്ങൾക്ക് അതിവേഗ പാതകൾ അനുവദിക്കുമ്പോഴും സംസ്ഥാനത്തിന് പുതിയ പാതയോ ട്രെയിനുകളോ അനുവദിക്കാതിരിക്കുകയും സംസ്ഥാനം സ്വന്തം നിലയിൽ നിർമ്മിക്കാൻ അനുമതി തേടിയ സിൽവർ ലൈനിന് അംഗീകാരം വൈകിപ്പിക്കുകയും ചെയ്യുന്ന വികസന കാര്യത്തിലെ വിവേചനം തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (എ) | റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി ബഹു.പ്രധാനമന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തി വരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയുമായി, ഇതിനോടകം തന്നെ സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനായി കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യ വിഷയങ്ങളായിരുന്നു. ഇതു കൂടാതെ, കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. പ്രധാനമന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. സിൽവർ ലൈൻ പാത പദ്ധതി കേരള സർക്കാർ അംഗീകാരം നൽകിയ ഒരു മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽ മന്ത്രാലയത്തിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്. ഇതുകൂടാതെ സിൽവർലൈൻ പദ്ധതിയുടെ അംഗീകാരം വേഗത്തിലാക്കണ മെന്നാവശ്യപ്പെട്ടു കൊണ്ട് ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി, എന്നിവർ കേന്ദ്ര സർക്കാരിനു കത്തയക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ബി) | ഇതുവരെ സംസ്ഥാനത്തിന് നൽകുമെന്ന് പ്രഖ്യാപിക്കാത്ത വന്ദേഭാരത് ട്രെയിൻ അനുവദിച്ചാൽ തന്നെ മുപ്പത്തിയാറ് ശതമാനം വളവുള്ള സംസ്ഥാനത്തെ റെയിൽവേ പാതയിലൂടെ സഞ്ചരിക്കാവുന്ന പരമാവധി വേഗത നൂറ് കിലോമീറ്ററിൽ താഴെയായിരിക്കുമെന്ന് പ്രസ്തുത മേഖലയിലെ വിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; | (ബി) | കേരളത്തിലെ ട്രാക്കുകൾക്ക് മണിക്കൂറിൽ 80 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗതയേ കൈവരിക്കാൻ സാധിക്കുകയുള്ളു. വന്ദേ ഭാരത് ട്രെയിനുകൾ കേരളത്തിൽ ഓടുകയാണെങ്കിൽ, ജനശതാബ്ദി, രാജധാനി തുടങ്ങിയ ട്രെയിനുകൾ കേരളത്തിലോടുന്ന അതേ റണ്ണിംഗ് ടൈം മാത്രമേ നേടാനാകുകയുള്ളൂ. |
| (സി) | പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലും സിഗ്നലിംഗ് നവീകരണത്തിലും സുരക്ഷയുടെ കാര്യത്തിലും സംസ്ഥാനം നേരിടുന്ന അവഗണന ഒരു പരിധി വരെയെങ്കിലും പരിഹരിക്കുന്നതിന് കേരളം ആസ്ഥാനമായി റെയിൽവേ സോൺ എന്ന ആവശ്യം വീണ്ടും ഉന്നയിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലും സിഗ്നലിംഗ് നവീകരണത്തിലും സുരക്ഷയുടെ കാര്യത്തിലും സംസ്ഥാനം നേരിടുന്ന അവഗണന പരിഹരിക്കുന്നതിന് കേരളം ആസ്ഥാനമായി റെയിൽവേ സോൺ എന്ന ആവശ്യം മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും റെയിൽ മന്ത്രാലയത്തിനു കത്തിടപാടുകൾ നടത്തിയിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ റെയിൽവേയിൽ നിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ